# സമന്വയ കലാലയ യൂണിയൻ റിപ്പോർട്ട് 2018–19

**ഫാത്തിമ മാതാ നാഷണൽ കോളേജ് (ഓട്ടോണോമസ്)**
**കൊല്ലം**



ഒരു ഉയർത്തെഴുന്നേൽപ്പിന്റെ, സമരനാളുകളുടെ, സർഗ്ഗാത്മകതയുടെ, പ്രതിഷേധങ്ങളുടെയൊരു പുതുചരിത്രമാണ് യൂണിയൻ കാലയളവിന്റെ അന്ത്യത്തിൽ ഞങ്ങൾക്ക് നിങ്ങളോട് പറയുവാനുള്ളത്. നിങ്ങൾ ഞങ്ങളിൽ അർപ്പിച്ച വിശ്വാസവും പ്രതീക്ഷകളുമൊക്കെ ഭംഗിയോടെ ഏറ്റവും വിശ്വാസ്യതയോടെ ചെയ്യുവാൻ സാധിച്ചു എന്നതാണ് ഈ യൂണിയൻ റിപ്പോർട്ടെഴുതുമ്പോൾ ഞങ്ങളിലെ ചാരിതാർത്ഥ്യം. വളരെ കുറഞ്ഞ പ്രവർത്തിദിവസങ്ങളാണ് ഞങ്ങൾക്ക് ലഭിക്കുകയുണ്ടായത്. എന്നാൽ ആ ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് ഞങ്ങളിൽ അർപ്പിതമായ കർത്തവ്യങ്ങൾ പൂർണ്ണതയോടെ ചെയ്യാൻ സമന്വയ കലാലയ യൂണിയന് സാധിച്ചു. എല്ലാ പ്രതിസന്ധികളെയും തരണം ചെയ്തുകൊണ്ട് ഉയർത്തെഴുന്നേറ്റ. ഒരു യൂണിയൻ കാലഘട്ടത്തിന്റെ സംഭവ വിതരണം.

കേരള യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലുള്ള ഈ കലാലയത്തിലെ യൂണിയൻ തെരഞ്ഞെടുപ്പ് 09-10-2018ൽ നടത്തപ്പെട്ടു. മത്സരിച്ച എല്ലാ സീറ്റുകളിലും എതിരില്ലാതെ ഇന്ത്യൻ വിദ്യാർത്ഥി പ്രസ്ഥാനം വിപ്ലവിജയം നേടി. ഒക്ടോബർ 29ന് സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റെടുത്ത ശേഷമുള്ള ഒരു വർഷക്കാലം സർഗ്ഗാത്മകമായതും സാമൂഹിക പ്രസക്തിയുള്ളതുമായ നിരവധി പ്രവർത്തനങ്ങൾ നടത്താൻ സമന്വയ കലാലയ യൂണിയനു സാധിച്ചു. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധികൾ താഴെ പറയും വിധമാണ്.

ചെയർമാൻ : അജിത്ത് ലാൽ
വൈസ് ചെയർപേഴ്സൺ : ആര്യ. ആർ
ആർട്സ് ക്ലബ്ബ് സെക്രട്ടറി : ഒയ്ഗൺ. ജെ
ജനറൽ സെക്രട്ടറി : അർജ്ജുൻ വിനോദ്
മാഗസിൻ എഡിറ്റർ : പ്രണവ് പി.എസ്.
യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലേഴ്സ് : സോയ.എ
അർജ്ജുൻ വിനോദ്
യൂണിയൻ കൺസൾട്ടന്റ് : ഡോ. ഷൈജു പി. എൻ
ആർട്സ് കൺസൾട്ടന്റ് : പ്രൊഫ. സ്റ്റാൻസിലസ് എസ്.
മാഗസിൻ കൺസൾട്ടന്റ് : ഡോ. സുപ്രിയ എം.

### കോളേജ് യൂണിയൻ & ആർട്സ് ക്ലബ്ബ് ഉദ്ഘാടനം (06-11-2018)

സമന്വയ കലാലയ യൂണിയൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കൊണ്ട് 2018 നവംബർ 16ന് യൂണിയൻ ആർട്സ് ക്ലബ്ബ് ഉദ്ഘാടനം നടന്നു. ചെയർമാൻ അജിത്തിന്റെ അദ്ധ്യക്ഷതയി ൽ നടന്ന സമ്മേളനത്തിൽ കോളേജ് യൂണിയന്റെ ഉദ്ഘാടനം പ്രിയകവി ശ്രീ. ഗണപൂജാരിയും ആർട്സ് ക്ലബ്ബിന്റെ ഉദ്ഘാടനം റിയാലിറ്റി ഷോ ഫെയിം ശ്രീ. വൈശാഖനും നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ വച്ചുതന്നെ പ്രശസ്ത മിമിക്രിതാരം ശ്രീ. ആദർശ് ആർട്സ്ഡേയുടെ ലോഗോ പ്രകാശനം ചെയ്തു. തുടർന്ന് മുഖ്യാതിഥികളായ വൈശാഖന്റെയും ആദർശിന്റെയും കലാപ്രകടനങ്ങൾ ഉണ്ടായിരുന്നു. ഉച്ചയ്ക്കുശേഷം വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളോടെ ഉദ്ഘാടനദിവസം സമാപിച്ചു.

### രാഖി അനുസ്മരണം

ക്യാംപസിലെ വിദ്യാർത്ഥിനിയായിരുന്ന രാഖി കൃഷ്ണയുടെ അകാലമരണത്തിൽ അത്യന്തം അനുശോചനങ്ങൾ അറിയിച്ചുകൊണ്ട് 20-12-18 യൂണിറ്റിന്റെ യോഗത്തിൽ അനുസ്മരണച്ചടങ്ങ് നടത്തി.



Scanned with CamScanner

#### തേജസ്വിനി 2019

കോളേജ് ആർട്സ് ഫെസ്റ്റിവൽ തേജസ്വിനി- 2019 കഴിഞ്ഞ വർഷത്തെ യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ മികവ് തെളിയിച്ച കാശിനാഥ്, ഇന്ദുലേഖ, കോളേജിന്റെ പ്രിയ കവയിത്രി സന്ധ്യ എന്നിവർ ഉദ്ഘാടനം ചെയ്തു. അന്തരിച്ച അതുല്യ പ്രതിഭയായ ബാലഭാസ്കറിനുള്ള സമർപ്പണം ആയിട്ടാണ് ആർട്സ് ഡേ പരിപാടികൾ നടത്തിയത്. അദ്ദേഹത്തിന്റെ മകളുടെ പേര് തന്നെ യുവജനോത്സവത്തിന് നൽകുകയുണ്ടായി. ജനുവരി 16, 17 തീയതികളിലായി രചനാമത്സരങ്ങളും 24, 25 തീയതികളിൽ കലാമത്സരങ്ങളും നടന്നു. വിദ്യാർത്ഥികളുടെ പൂർണ്ണ പിന്തുണയോടെ 'തേജസ്വിനി-2019' വളരെ മികച്ചതായി ത്തീർന്നു.

മത്സരങ്ങളിൽ വിജയികളായവർക്ക് കൃത്യസമയത്ത് സർട്ടിഫിക്കറ്റുകൾ അതാത് ഡിപ്പാർട്ടുമെന്റുകളിൽ എത്തിക്കുവാനും സമന്വയ കലാലയ യൂണിയനു കഴിഞ്ഞു. തുടർന്ന് മാർച്ച് 26-30 തീയതികളിൽ കാര്യവട്ടം ക്യാംപസിൽ വച്ചുനടന്ന കേരള യൂണിവേഴ്സിറ്റി കലോത്സവത്തിൽ വിവിധ ഇനങ്ങളിലായി 150-ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. ഇതിൽ സൂര്യഗോപൻ (മോണോആക്ട്-I), മീനാക്ഷി സുരേഷ് (ലളിതഗാനം-II), ദേവിപ്രഭ (കൊളാഷ്-II) എന്നിവർ യൂണിവേഴ്സിറ്റി തലത്തിൽ വിജയം കരസ്ഥമാക്കുകയും ചെയ്തു.

#### വാലന്റൈൻസ് ഡേ – "Love is Something Else"

2019 ഫെബ്രുവരി 14ന് മറ്റു കോളേജുകൾക്ക് മാതൃകയാകും വിധമാണ് ഫാത്തിമയിലെ വിദ്യാർത്ഥികൾ പ്രണയദിനം ആഘോഷിച്ചത്. അന്നേദിവസം ക്യാംപസിൽ നിന്ന് പൊതിച്ചോറുകൾ ശേഖരിച്ചു അശരണരായ ജനങ്ങൾക്ക് വിതരണം ചെയ്തു. ഇതിനോടൊപ്പം തന്നെ ക്യാംപസിനുള്ളിൽ പ്രണയലേഖന രചനാമത്സരവും ചെറിയ വിനോദപരിപാടികളും സംഘടിപ്പിക്കുകയും ചെയ്തു.

#### ഒപ്പുശേഖരണം

കെ.എസ്.ആർ.ടി.സി. ലോഫ്ളോർ ബസുകൾ ഭിന്നശേഷി സൗഹൃദമാക്കി പുനഃസ്ഥാപിക്കണമെന്ന Mind സംഘടനയുടെ ആഹ്വാനത്തോട് സമന്വയ കലാലയ യൂണിയൻ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി ക്യാംപസിൽ ഫെബ്രുവരി 27-ാം തീയതി ഒപ്പുശേഖരണം നടത്തി. ഫാത്തിമയിലെ മുഴുവൻ വിദ്യാർത്ഥികളും ഈ പ്രവർത്തനത്തിനു പൂർണ്ണ പിന്തുണ നൽകി.

#### സ്പോർട്സ് ഡേ

2019 മാർച്ച് 1-ന് വ്യത്യസ്തമായ മത്സരയിനങ്ങളുമായി വാർഷിക കായികമേള സംഘടിപ്പിച്ചു. വൈസ് പ്രിൻസിപ്പാൾ ഡോ. എം. ആർ. ഷെല്ലി പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. കായികപ്രതിഭകളെ പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്ത കായികമേള പൂർണ്ണ വിജയം നേടി.

#### വനിതാദിനാഘോഷം (മാർച്ച് 8, 2019)

അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8ന് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുവാൻ സമന്വയ കലാലയ യൂണിയനു കഴിഞ്ഞു. അന്നേദിവസം സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ ക്യാംപസിൽ പ്രദർശിപ്പിച്ചു. സ്ത്രീശാക്തീകരണത്തിന്റെ ആശയങ്ങൾ പകരുന്ന ഫ്ളാഷ്മോബ് സംഘടിപ്പിച്ചു. വൈസ് ചെയർ പേഴ്സണിന്റെ നേതൃത്വത്തിൽ നടന്ന 'Strands of Kindness' എന്ന പരിപാടിയിൽവച്ച് 26-ഓളം പെൺകുട്ടികൾ കാൻസർ രോഗബാധിതർക്കായി മുടി ദാനം ചെയ്തു. തുടർന്ന് മാർച്ച് 12ന് ഓഡിറ്റോറിയത്തിൽവച്ചു നടത്താൻ തീരുമാനിച്ചിരുന്ന വനിതാദിനാഘോഷ പരിപാടികൾ കോളേജിലെ വിദ്യാർത്ഥിയുടെ മരണത്തെ തുടർന്ന് റദ്ദു ചെയ്തു.

#### QIFF ഇന്റർനാഷണൽ ഫിലിം ഫെസ്റ്റ്

കൊല്ലം ജില്ലയിലെ കലാലയയൂണിയൻ സംയുക്തമായി സംഘടിപ്പിച്ച QIFF 2019ന് സമന്വയ കലാലയ യൂണിയൻ പൂർണ്ണ പിന്തുണ നൽകി. മാർച്ച് 12 മുതൽ 14 വരെ G-Max തിയേറ്ററിൽ നടന്ന ചലച്ചിത്ര പ്രദർശനത്തിൽ സംഘാടകരായും കാണികളായും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു.

#### യൂണിവേഴ്സിറ്റി നാടകോത്സവം

2019 മാർച്ച് 19ന് ടി.കെ.എം. കോളേജിൽ വച്ചു നടന്ന യൂണിവേഴ്സിറ്റി നാടകോത്സവത്തിൽ നമ്മുടെ കോളേജിനെ പ്രതിനിധീകരിച്ച 'കുഴിവെട്ടി പത്രോസ്' എന്ന നാടകം മികച്ച നിലവാരം പുലർത്തി.

#### കോളേജ് ഡേ (മാർച്ച് 28, 2019)

ഫാത്തിമയുടെ ചരിത്രത്തിൽ ആദ്യമായി കോളേജ് ഡേ ഓപ്പൺ സ്റ്റേജിൽ നടത്താൻ 2018-19 സമന്വയ കലാലയ യൂണിയനു സാധിച്ചു. വിദ്യാർത്ഥികൾക്ക് ഒരിക്കലും മറക്കാത്ത അനുഭവമാക്കി മാറ്റുംവിധത്തിലുള്ള ആഘോഷമായി അന്നത്തെ ദിവസം മാറി.






# College Union Report 2018-’19

At the close of the union activities of the year, what we have to say is about a fresh history of resurgence, of strike days, of protest and of creativity. We pen this report with gratitude as we have fulfilled the faith and expectations you had in us, with utmost grandeur and conviction. We had only very few working days, but during those days the Samanyuya college union was able to resurrect and overcome all hindrances and successfully discharge all responsibilities entrusted in us.

The union election of our college which is affiliated to the Kerala University was conducted on 09.10.2018. In all the contested seats, the Indian Student Federation won. In a year following the oath taking ceremony on October 29, the Samanyuya College Union was able to conduct several innovative and socially relevant programmes. The following are the elected representatives of the union.

Chairman : AjithLal

Vice Chairperson : Arya R.

Arts Club Secretary : Oygen J.

General Secretary : ArjunVinod

Magazine Editor : Pranav P.S.

University Union Counselors : Soya A. &ArjunVinod

Union Consultant : DrShaiju P.N.

Arts Consultant : Prof. Stancilaus S.

Magazine Consultant : DrSupriya M.

**The Inauguration of the College Union& Arts Club (06.11.2018)**

The College Union-Arts Club inauguration on November 6, 2018 marked the commencement of the college union activities. In a function presided over by the union chairman, AjithLal, popular poet, Sri Ganapoojari inaugurated the College Union, and Reality Show fame Sri Vyshakhan inaugurated the Arts Club. During the function, the popular Mimicry artiste Sri Adarsh released the Arts Day logo. This was followed by the performances of the guests of the day, Sri Adarsh

and MrVyshakh. The programme came to a close with variety entertainment by the students of the college.

**Tribute to Rakhi**

On 20.12.2018, a meeting was held in commemoration of Rakhi Krishna who faced an untimely death.

**Thejaswini 2019**

The college Arts Festival, Thejaswini 2019, was inaugurated by Kashinathand Indulekha, who were the previous year winners of the University Youth Festival, and the college poet, Sandhya. The programmes of the Arts Day were dedicated to the great violinist Balabhaskar, and the Arts Festival was named after his daughter, Thejaswini. The writing competitions were held on 16$^{th}$& 17$^{th}$, and art competitions on 24$^{th}$& 25$^{th}$. With the extreme support of all the students, Thejaswini 2019 became a great success.

The college union successfully distributed certificates of honour to all the winners of the various departments, on time. Following this, almost 150 students participated in the Kerala University Youth Festival held at the Kariyavattom Campus from March 26-30. In the University Youth Festival, Surya Gopan won first prize for Monoact Competition; Meenakshi Suresh won second prize for Light Music Competition and Deviprabha won second prize for Collage.

**Valentine’s Day – “Love is Something Else”**

On February 14, 2019 Fatima celebrated Valentine’s Day in a way that it became a model for other colleges. On that day, noon meal packets were collected and distributed to the poor and the needy. Along with this, Love-letter competition and other entertainment programmes were also organized.

**Signature-Gathering**

The college union supported the plea of the organization, Mind, that low-floor buses must be made disabled friendly. In regard to this, signature-gathering was done in the campus on 27 February. The students of Fatima fully supported this venture.

**Sports Day**

On 1 March 2019, the annual sports day was celebrated with innovative competitions. Dr M.R. Shelley, Vice principal inaugurated the programmeby hoisting a flag. The sports day that stimulated and encouraged the sports lovers, was indeed a great success.

**Women's Day (March 8, 2019)**

Samanyuya College Union succeeded in conducting unique activities on 8 March, the International Women's Day. Posters on Women Empowerment were exhibited in the campus. A flash mob was alsoorganised that highlighted the concepts of women empowerment. In a programme entitled 'Strands of Kindness" which was organized under the leadership of the Vice Chairperson, around 26 girls donated hair for cancer patients. The women's day programme that was to be organized on March 12 in the college auditorium was cancelled due to the untimely death of a student.

**QIFF International Film Fest**

Samanuya College Union extended support to QIFF 2019, organized jointly by the college unions of Kollam district. Students of Fatima college participated as organizers and spectators in the Film Festival held at the G-Max theatre from March 12-14.

**University Drama Festival**

In the University Drama Festival held on 19 March 2019 at TKM college, the drama entitled "KuzhivettiPathrose" presented from our college was of a high quality and well appreciated.

**College Day (March 28, 2019)**

For the first time in the history of Fatima, the Samanyuya College Union conducted the College Day on an open stage. The celebrations of the day left indelible memories in the students,that would last forever.